നം.കെഎസ്എ-കെടിഎം.പി.10.1875/16 തീയതി-21.11.2016

# കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.01.16 മുതൽ 26.10.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 4-11-2016ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.10.2016-04.11.2016 |
| ഉദ്യോഗസ്ഥർ | ശ്രീമതി സുലത.ഡി ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഇന്ദുലേഖ.എ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സ്മിത ജി.നായർ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഷീല.വി.ആർ ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസ് കുടിലിൽ<br>ശ്രീമതി.മിനി.കുഞ്ഞുമോൻ | 1.04.15 മുതൽ 31/10/15വരെ<br>19.11.15 മുതൽ 31.03.16വരെ |
| സെക്രട്ടറി | ശ്രീമതി കെ. എൻ. ഗിരിജമ്മ | 01/04/15 മുതൽ 31/03/16വരെ |

(സി) നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സൗമ്യ.കെ | 01/04/15 മുതൽ 31/03/16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി മിനി മാത്യു | 01/04/15 മുതൽ 31/03/16വരെ |
| കൃഷിഓഫീസർ | ശ്രീമതി നസീമാ ബീവി എം | 01/04/15 മുതൽ 31/03/16വരെ |
| വെറ്ററിനറിസർജൻ | ഡോ.ലിനി ചന്ദ്രൻ | 01/04/15 മുതൽ 31/03/16വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.മനോഹരൻ കെ.<br>ശ്രീമതി ജയലക്ഷ്മി എൻ. | 01/04/15 മുതൽ 31/08/15 വരെ<br>14.01.16-31.03.16 |
| വി.ഇ.ഒ | ശ്രീ.രഞ്ജിത്ത് ടി. എം | 01/04/15 മുതൽ 31/03/16വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി പുഷ്പമ്മ കെ.എസ് | 01/04/15 മുതൽ 31/03/16വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ധന്യ സുശീലൻ | 01/04/15 മുതൽ 31/03/16വരെ |
| മെഡിക്കൽഓഫീസർ ആയുർവ്വേദം | ഡോ.ബിന്ദു ബി. | 01/04/15 മുതൽ 31/03/16വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. എ. റ്റി.സുകുമാരി | 01/04/15 മുതൽ 31/03/16വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പി. കെ. അനിൽകുമാർ | 01/04/15 മുതൽ 31/03/16വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ക്രമ നം. | വിഷയം |
|---|---|
| | ഭാഗം 1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ആഭ്യന്തരനിയന്ത്രണം |
| 1-9 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി --നികുതി പുനർ നിർണ്ണയം നടത്തിയതിനുശേഷം നാളിതുവരെ ഈടാക്കിയിട്ടില്ല |
| 2-3-1 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 2-3-2 | കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-4 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. |
| 2-5 | ഫിറ്റ്നസ് സാക്ഷ്യപത്രം ഇല്ലാതെ സ്കൂളും അങ്കണവാടികളും പ്രവർത്തിക്കുന്നു. |
| 2-6 | മാർക്കറ്റ് ടോൾ പിരിവ് ലേലം കൊണ്ടയാൾ തുക പൂർണ്ണമായും അടവാക്കിയിട്ടില്ല |
| 2-7 | കാരമറ്റം കുളം നവീകരണം--കുഴിച്ചെടുത്ത മണ്ണിന്റെ ലേല നടപടികളിൽ അപാകതകൾ |
| | ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | അഗ്രികൾച്ചർ റിവോൾവിംഗ് ഫണ്ട്--തുക പൂർണ്ണമായും റീഫണ്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 3-2 | വനിതാവ്യവസായ യൂണിറ്റും തൊഴിൽ പരിശീലന കേന്ദ്രവും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല |

| | |
|---|---|
| 3-3 | റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ--ബിറ്റുമിന് മാർക്കറ്റ് റേറ്റിൽ അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അധിക തുക നൽകി |
| 3-4 | മരാമത്ത് വേലകളുടെ പേമെന്റ് ബിൽ തയ്യാറാക്കിയതിൽ അപാകത--പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ് |
| 3-5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകൾ--പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 3-6 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല--ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3-7 | ആശ്രയ പ്രോജക്ട്--ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നില്ല |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ) |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ-വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് & പേയ്മെന്റ് 2015-16 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03.03.16 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 2015-16 വർഷത്തെ പുതുക്കിയ വാർഷിക ബജറ്റ് അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |

| | | | | | |
|---|---|---|---|---|---|
| മുന്നിരിപ്പ് | 5767160 | 14205313 | 8438153.4 | | 168.35 |
| വരവ് | 64989600 | 28533570 | | 36456030 | 127.77 |
| ആകെ | 70756760 | 42738883 | | 28017877 | 65.56 |
| ചെലവ് | 66680500 | 37596014 | | 29084486 | 77.37 |
| നീക്കിയിരിപ്പ് | 4076260 | 5142869.4 | 1066609 | | 20.73 |

## 1-2 വാർഷിക ധനകാര്യപത്രിക

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | ---------------- | --------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷൻ പ്രത്യേകമായി നടത്തിയിട്ടില്ല. വാർഷിക കണക്കുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2015-16

| | |
|---|---|
| മുന്നിരിപ്പ് | 14205313.41 |
| വരവ് | 28533570 |
| ആകെ | 42738883.41 |
| ചെലവ് | 37596014 |
| നീക്കിയിരിപ്പ് | 5142869.41 |

## 1-5 ഫണ്ട് വിനിയോഗം(ഫണ്ട് ഡെവല്യൂഷൻ പത്രിക പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യതത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1872072 | 3140642 | 8437101 | 8437101 | ---- | 3424387 | |
| വികസനഫണ്ട് എസ്.സി.പി. | 2144800 | 4206462 | 4724800 | 4724800 | ----- | 1626462 | |
| വികസനഫണ്ട് ടി.എസ്.പി. | - | 211000 | 211000 | 211000 | ----- | | |
| സംരക്ഷണഗ്രാന്റ് റോഡ് | 5716 | 1913130 | 1918846 | 1933716 | ---- | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 300361 | 1381001 | 1681362 | 1666492 (*) | ---- | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 990999 | 3540095 | 3693520 | 3693520 | --- | 837574 | |
| പെർഫോമൻസ് ഗ്രാന്റ് | 2193000 | 950000 | 2193000 | 2182649 | --- | 960351 | |

(*) 14870/- രൂപ നോൺ റോഡിൽ നിന്നും റോഡിലേയ്ക്ക് ചെലവഴിച്ചു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 49580538 | 107 | 27164520 | 4 | 30 | 73.46 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 490/15/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം. തീ11.06.15 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ പ്രോജക്ടുകളും പട്ടികജാതി വിഭാഗത്തിലെ 10 പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ 2 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 147 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 107 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 14 വർക്കിംഗ് ഗ്രൂപ്പുകൾ 29 .07.14 ൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. 2014 ജൂലൈ, ഡിസംബർ മാസങ്ങളിൽ 15 വാർഡുകളിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ കൂടുകയുണ്ടായി. 8.1.14 ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച ചെയ്തു. 18.7.14 ൽ വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായുള്ള പ്രോജക്ടുകൾ തീരുമാനിക്കുന്നതിനായുള്ള പ്രത്യേക ഗ്രാമസഭയും കൂടുകയുണ്ടായി. 13.10.14 ലെ നാലാം നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

നേട്ടങ്ങൾ

ഉൽപ്പാദനമേഖലയിൽസമഗ്രവിളപരിപാലനം,ഗ്രോബാഗ് വിതരണം, നെൽകൃഷി വികസനം, ക്ഷീരവികസനം, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, തുടങ്ങിയപ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു. സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ഹോമിയോ-ആയുർവേദ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് ഗുണമേന്മ വർദ്ധനവ്, ആശ്രയപദ്ധതിയ്ക്ക് തുക നൽകൽ ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, അംഗൻവാടികളുടെ അറ്റകുറ്റപ്പണി, മൃഗാശുപത്രി സബ്സെന്റർ മെയിന്റനൻസ്, എസ്സ്,എസ്സ്.എ, യ്ക്ക് വിഹിതം നൽകൽ പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

പശ്ചാത്തലമേഖലയിൽ വിവിധറോഡുകളുടെ ടാറിംഗ്, റീടാറിംഗ്, മെറ്റലിംഗ്, തുടങ്ങിയവയാണ് നടപ്പിലാക്കിയത്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ ഖരമാലിന്യസംസ്കരണത്തിന് തുകനൽകൽ, അംഗൻവാടികൾക്ക് വൈദ്യുതീകരണം, വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ, കിണർ നിർമ്മാണം എന്നിവ നടപ്പിലാക്കി.

കോട്ടങ്ങൾ

- കാർഷിക/ക്ഷീരമേഖല എന്നിവിടങ്ങളിലെ ഉത്പാദനവർദ്ധനവ് സ്ഥിരീകരിയ്ക്കുന്ന രേഖകൾ സൂക്ഷിയ്ക്കുന്നില്ല.
- ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കായി വ്യത്യസ്തമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നില്ല.
- 2015-16 സാമ്പത്തികവർഷം ആകെ വാർഷികപദ്ധതി ചെലവ് 60% ത്തിൽ താഴെയായിരുന്നു.
- മൊത്തം വിഭാവനം ചെയ്ത പ്രോജക്ടുകളിൽ 50% മാത്രമെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ.
- എല്ലാമേഖലകളിലും വൈവിദ്ധ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു.
  വനിതാ വ്യവസായ കേന്ദ്രങ്ങൾ നിർമ്മിച്ചത് ലക്ഷ്യം കൈവരിച്ചില്ല.

## 1-7 തനത് വരുമാനം.

2014-15വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 10.8 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3569777 | 3121890 | 447887 | 12.54 കുറവ് |
| നികുതിയേതര വരവുകൾ | 924423 | 921520 | 2903 | .314 കുറവ് |
| മറ്റുവരവുകൾ | 203011 | 142501 | 60510 | 29.8 കുറവ് |
| ആകെ | 4697211 | 4185911 | 511300 | 10.8കുറവ് |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2015-16

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85440 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 5670420 | 684 |
| വിധവാപെൻഷൻ | 5180520 | 483 |
| വാർദ്ധക്യകാലപെൻഷൻ | 4399620 | 560 |
| വികലാംഗപെൻഷൻ | 2177480 | 203 |
| വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2016 3.30 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 13201/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 2015-16വർഷം വസ്തു നികുതിയിനത്തിൽ 2772992 രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

തനതു ഫണ്ട് ചെലവുകൾ

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/ട്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചു വരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.06.2016 | May -2016 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2003 | 1997-98 to 2002-03 | IV/6A-507/1302 dt.20.11.2003 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെഅവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയുടെയും ലഭ്യമായ തുകയുടെയും വിശദാംശങ്ങൾ വ്യക്തമല്ല.
3. ബി-15 പട്ടികയിൽ ലൈസൻസ് ഫീസ് ഇനത്തിൽ 4730 രൂപ കാണിച്ചിട്ടുണ്ട്.പ്രസ്തുത തുകയുടെ കൃത്യത വ്യക്തമല്ല.
4. വസ്തുനികുതിയിനത്തിൽ പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
5. പാർട്ട് ബിൽ പ്രകാരം നൽകിയ യഥാർത്ഥ തുകയല്ല ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിരിക്കുന്നത്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി -നികുതി പുനർ നിർണ്ണയം നടത്തിയതിനുശേഷം നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി വിവിധ മൊബൈൽ കമ്പനികളുടെ 6 ടവറുകൾ സ്ഥാപിച്ചിട്ടുണ്ട് ആയവയിൽ രണ്ട് ടവറുകളുടെ വസ്തുനികുതി മാത്രമെ ഈടാക്കിയിട്ടുള്ളൂ. ശേഷിയ്ക്കുന്നവയുടെ നികുതി 2013-14 സാമ്പത്തിക വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വിസ്തീർണ്ണം | സ്ഥാപനത്തിന്റെ പേര് | പഴയ നികുതി | പുതിയ നികുതി | കുടിശിക. |
|---|---|---|---|---|---|---|
| 1 | 10/8A | 10ച.മീ | ഭാരതി എയർടെൽ ലിമിറ്റഡ്, കണ്ടന്നൂർ, മരട്, കൊച്ചി | 766/- | 4725/- | 18900/-. |
| 2 | 4/423B | 11.5ച.മീ | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, 1-ാംനില, മേത്തർ സ്ക്വയർ, നോർത്ത് റെയിൽവേ സ്റ്റേഷൻ, എറണാകുളം | 511/- | 5434/- | 21736/- |
| 3 | 4/41A1 | 14.77ച.മീ. | വയർലസ്സ് റ്റി.റ്റി ഇൻഫോ സർവ്വീസ്സ് (എസ്.എൽ പ്ലാസ, പാലാരിവട്ടം, കൊച്ചി) | 256/- | 6980/- | 27920/-. |
| 4 | 4/423A | 11.5ച.മീ | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ് (ആർ.ആർ ആർക്കേഡ് ഗീതാഞ്ജലി ബിൽഡിംഗ്) | 255/- | 5434/- | 21736/- |

എല്ലാ ടവറുകളുടേയും കുടിശികയുൾപ്പെടെയുള്ള നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3-1 തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്തതു സംബ:

2014-15 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (2-4) ൽ പരാമർശിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈ സാമ്പത്തിക വർഷത്തിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, കൈപ്പുഴ (സ്ഥാപനതൊഴിൽ നികുതി | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ബി,എസ്.എൻ.എൽ. നീണ്ടൂർ (സ്ഥാപനതൊഴിൽ നികുതി) | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | എ & എ ഇൻഡസ്ട്രീസ്, നീണ്ടൂർ (ജീവനക്കാരുടെ തൊഴിൽനികുതി) | രണ്ടാം അർദ്ധവർഷം |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-2 കള്ളുഷാപ്പുകൾ, ക്ഷീരസഹകരണസംഘങ്ങൾ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കേ.പ.രാ.ആക്ട് സെ.204 (1) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയമാകുന്നതാണ്. എന്നാൽ 2015-16 സാമ്പത്തികവർഷം കള്ളുഷാപ്പുകൾ, ക്ഷീരസംഘങ്ങൾ എന്നിവയിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രം നം. | സ്ഥാപനം | ഒടുക്കേണ്ട അർദ്ധവർഷം | കുറിപ്പ് |
|---|---|---|---|
| 1 | റ്റി.എസ്.നം. 45, കുട്ടോമ്പുറം | രണ്ടാം അർദ്ധവർഷം | മുൻ വർഷങ്ങളിലും ഒടുക്കിയിട്ടില്ല |
| 2 | റ്റി.എസ്.നം.36, പ്രാവട്ടം | 2 അർദ്ധവർഷങ്ങളും | " |
| 3 | റ്റി.എസ്.നം.38, കൈപ്പുഴ | " | " |
| 4 | റ്റി.എസ്.നം.34, ഉള്ളാട്ടുകര | " | " |
| 5 | റ്റി.എസ്.നം.37, ചാലായിപ്പുറം | " | " |
| 6 | റ്റി.എസ്.നം. 135, കുറുമുള്ളൂർ | " | " |
| 7 | ക്ഷീരോത്പാദനസഹകരണസംഘം, നീണ്ടൂർ | " | " |
| 8 | ക്ഷീരോത്പാദനസഹകരണസംഘം, കൈപ്പുഴ | " | " |
| 9 | ക്ഷീരോത്പാദനസഹകരണസംഘം, മൂഴിക്കുളങ്ങര | " | " |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി തുക ഡിമാന്റ് ചെയ്ത് പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

1. പൈക്കയിൽ നിന്നും ലഭിച്ച ഗ്രാന്റ്

ഗ്രാമപഞ്ചായത്തിൽ ബാഡ്മിന്റൺ കോർട്ട് പണിയുന്നതിനായുള്ള ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ ഒന്നാം ഗഡുവായ 3,40,000 രൂപ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കെ.എസ്.എസ്.ഡി/പൈക്ക 1494/2010 തീ.12.7.2014 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. (ഡി.ഡി.നം.57618/10.7.14) ടി തുക നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.165103 ൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാന്റ് അനുവദിച്ച ഉത്തരവിൽ പൈക്കയുടെ ഭാഗമായി അംഗീകരിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഗ്രാന്റ് കിട്ടി ഒരു മാസത്തിനകം ആരംഭിക്കണമെന്നും മൂന്ന് മാസത്തിനകം പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കണം എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചതായി കാണുന്നില്ല. പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാത്ത പക്ഷം തുക തിരികെ അടയ്ക്കേണ്ടതാണ്.

2. എസ്.എസ്.എ.യിൽ നിന്നും ലഭിച്ച ഫണ്ട്

ഗവൺമെന്റ് എൽ.പി.എസ്. ഓണംതുരുത്തിന്റെ അഡീഷണൽ ക്ലാസ് റൂം നിർമ്മിക്കുന്നതിനായി 12-13 വർഷം 4,58,580 രൂപ എസ്.എസ്.എ.യിൽ നിന്നും ലഭിച്ചിരുന്നു. കെട്ടിടനിർമ്മാണത്തിനായി 2012-13 വർഷം 3,25,149 രൂപ ചെലവഴിച്ചിരുന്നു. ബാക്കി തുകയായ 1,33,431 രൂപ തനതുഫണ്ടിൽ അവശേഷിക്കുന്നു. (എസ്.ബി.ഐ കൈപ്പുഴ അക്കൗണ്ട് നം.30927812054) ചെലവഴിക്കാത്ത തുക തിരികെ അടയ്ക്കാൻ 8.10.14 ൽ കൂടിയ ഭരണസമിതി തീരുമാനിച്ചിരുന്നെങ്കിലും തുക നാളിതുവരെ തിരികെ അടച്ചിട്ടില്ല. തനതുഫണ്ടിൽ സൂക്ഷിക്കുന്ന തുക തിരികെ എസ്.എസ്.എ.യിലേക്ക് അടയ്ക്കേണ്ടതാണ്.

3.സംയുക്ത പ്രോജക്ടുകൾക്കായി 2,16,197 രൂപ മുൻവർഷങ്ങളിലായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നു. പ്രസ്തുത തുക നാളിതുവരെ പ്രയോജനപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല.

## 2-5 ഫിറ്റ്നെസ്സ് സാക്ഷ്യപത്രം ഇല്ലാതെ സ്കൂളും അങ്കണവാടികളും പ്രവർത്തിക്കുന്നു

ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച വാർഷിക പരിശോധന എല്ലാ വർഷവും ഫെബ്രുവരി മാസം 28ാം തീയതിക്കകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ പരിശോധന നടത്തി വിദ്യാഭ്യാസ വകുപ്പ് മേധാവികൾക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് (സർക്കുലർ നം.45713(1)/M3/05/GenEd/dt.10.3.06). എന്നാൽ ഗ്രാമപഞ്ചായത്തിലെ Mar Makil Public School Kaipuzha യുടെ വാർഷിക സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകിയിട്ടില്ല. ജി.ഒ (ആർ.ടി)2427/2007 പൊതുവിദ്യാഭ്യാസം തീയതി 01.06.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എഞ്ചിനീയർമാർ സ്കൂളുകളിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ്സ് സാക്ഷ്യപത്രം നൽകേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ 23 അങ്കണവാടികൾ ഉണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.
തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്.

## 2-6 മാർക്കറ്റ് ടോൾപിരിവ് ലേലം കൊണ്ടയാൾ തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

2013--14 വർഷം നീണ്ടൂർ മാർക്കറ്റിൽ നിന്നും ടോൾ പിരിക്കുന്നതിനുള്ള അവകാശം ശ്രീ.വിനോദ് കണ്ടത്തിപ്പറമ്പിൽ എന്നയാൾ 90200/-രൂപയ്ക്കു ലേലം കൊണ്ടതിൽ 15200/-രൂപ ടിയാൻ നാളിതുവരെ അടവാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.7/തീയതി31-10-16 ) മറുപടിയിൽ ലേലം കൈക്കൊണ്ട ശ്രീ വിനോദിന് തുക അടവാക്കുന്നതിന് രേഖാമൂലം കത്ത് നൽകിയിട്ടുള്ളതായും ആയതിന് 31.12.16 വരെ സാവകാശം നൽകണമെന്ന് കാണിച്ച് ടിയാൻ നൽകിയ അപേക്ഷ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത്കമ്മിറ്റി അനുവദിച്ചുനൽകിയ സമയപരിധി പൂർത്തീകരിക്കുന്നമുറയ്ക്ക് ടിയാനിൽനിന്നും നിയമാനുസൃതമുള്ള ലേലത്തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 കാരമറ്റംകുളം നവീകരണം-കുഴിച്ചെടുത്ത മണ്ണിന്റെ ലേല നടപടികളിൽ അപാകതകൾ

അഞ്ചാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാരിമറ്റംകുളം നവീകരണത്തിന്റ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുന്നതിന് 23.07.15 ലെ 56-ാം നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ലേലം ചെയ്ത വകയിൽ 50,225/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. മണ്ണ് ലേലം ചെയ്തതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ലേല നടപടിക്രമങ്ങളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പരസ്യത്തിന്റെ അഭാവം

കുളംനവീകരണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ അളവ്, സ്വഭാവം എന്നിവ കാണിച്ചുകൊണ്ടുള്ള ക്വട്ടേഷൻ നോട്ടീസ് പത്രത്തിലോ പഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലോ പ്രസിദ്ധപ്പെടുത്തിയില്ല.

കുഴിച്ചെടുത്ത മണ്ണിന്റെ വാല്യവേഷൻ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കുളം നവീകരണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ അളവ് 250മെട്രിക് ടൺ ആണെന്നാണ് മണ്ണ് ലേലം ചെയ്യുന്നതിന് ജില്ലാകളക്ടർ നൽകിയ അനുമതി പത്രത്തിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ മണ്ണിന്റ വാല്യവേഷൻ എടുത്തതിന്റെ രേഖകളോ ഇത് സംബന്ധിച്ച് പഞ്ചായത്ത് ജില്ലാകളക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ലഭിച്ച ക്വട്ടേഷനുകൾ മുഴുവനും പരിശോധിക്കാതെ ലേലം ഉറപ്പിച്ചു.

ക്വട്ടേഷൻനോട്ടീസ് പ്രകാരം ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 6-5-15 1പി.എം നാളിൽ ലഭിച്ച പത്ത് ക്വട്ടേഷനുകളിൽ ആറെണ്ണം മാത്രമേ തുറന്ന പരിശോധിച്ചിട്ടുള്ളൂ .അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.7/31-10-16) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ മണ്ണ് ലേലം ചെയ്ത വകയിൽ പഞ്ചായത്തിന് ലഭിച്ച വരവിന്റെ വിവരം മാത്രമേ പരാമർശിച്ചിട്ടുള്ളൂ. താമസിച്ച് ലഭിച്ചതിനാലാണ് ക്വട്ടേഷൻ തുറക്കാതിരുന്നത് എന്ന് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. എന്നാൽ നാല് ക്വട്ടേഷനുകൾ മാത്രമേ പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമായിട്ടുള്ളതെന്നുംബാക്കി 6ക്വട്ടേഷനുകളും സമയപരിധി കഴിഞ്ഞാണ് ലഭിച്ചതെന്നും ഫയലിൽ നിന്നും വ്യക്തമാണ്. മാത്രമല്ല ലേലം കൊണ്ട ശ്രീ.പി.ജെ ജയിംസ് ക്വട്ടേഷൻ സമർപ്പിച്ചത് അന്നേ ദിവസം മൂന്നുമണിക്കുശേഷം മാത്രമാണ്. ആയതിനാൽ ഇത് സംബന്ധിച്ച് നൽകിയ വിശദീകരണം അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ ലഭ്യമായ മുഴുവൻ ക്വട്ടേഷനുകളും തുറന്ന പരിശോധിക്കാതെ ക്വട്ടേഷൻ ഉറപ്പിച്ചു നൽകിയ നടപടി ക്രമപ്രകാരമല്ല.

കുഴിച്ചെടുത്ത മണ്ണ് മറ്റ് വേലകൾക്ക് പ്രയോജനപ്പെടുത്തിയില്ല.

കുളം നവീകരണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ശാസ്താവ്-ന്യൂറുപറ റോഡിന്റേയും പോത്തൻകോളനിയിലെയും മണ്ണ് ഫില്ലിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും (20-3-15-ലെ 6-ാം നം.തീരുമാനം, 27-5-15-ലെ 3-ാം നം.തീരുമാനം) പോത്തൻ കോളനിയിലെ ഫില്ലിംഗ് പ്രവൃത്തിയ്ക്ക് കാരമറ്റംകുളം ഭാഗത്തു നിന്നും മണ്ണ് കൊണ്ടുപോകുന്നത് അധികച്ചെലവുണ്ടാക്കുമെന്നതിനാൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിട്ടില്ല എന്ന് അസി.എഞ്ചിനീയർ വാക്കാൽ അറിയിക്കുകയുണ്ടായി. 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മറ്റ് മണ്ണ് ഫില്ലിംഗ് പ്രവൃത്തികൾക്ക് ഈ മണ്ണ് ഉപയോഗിക്കാമായിരുന്നു എന്നിരിക്കെ ആയത് പരിഗണിക്കാതെ മണ്ണ് ലേലം ചെയ്യാൻ കമ്മിറ്റി തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഗ്രികൾച്ചർ റിവോൾവിംഗ് ഫണ്ട് - തുക പൂർണ്ണമായും റീഫണ്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

2002-03 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടായിരുന്നു കർഷകർക്ക് അഗ്രികൾച്ചർ റിവോൾവിംഗ് ഫണ്ട് നൽകൽ. പഞ്ചായത്തിലെ ആറ് പാടശേഖരസമിതികൾക്കായി നാല് ലക്ഷം രൂപ നൽകിയിരുന്നു. 12% പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിനായിരുന്നു കരാർ ചമച്ചിരുന്നത്. നീണ്ടൂർ സർവ്വീസ് സഹകരണബാങ്കിലെ 171710-ാം നമ്പർ അക്കൗണ്ടിൽ 31.03.16-ൽ അഗ്രികൾച്ചർ റിവോൾവിംഗ് ഫണ്ട് തിരികെ ഈടാക്കിയ ഇനത്തിൽ 455615 രൂപ അവശേഷിക്കുന്നു. തുക കൈപ്പറ്റി പതിമൂന്ന് വർഷത്തിനുശേഷവും 12% പലിശ സഹിതം മുഴവൻ തുകയും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ശേഷിക്കുന്ന തുക ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി അടിയന്തിര അടിയന്തിര തീരുമാനമെടുക്കേണ്ടതാണ്.

## 3-2 വനിതാവ്യവസായ യൂണിറ്റും തൊഴിൽപരിശീലനകേന്ദ്രവും പ്രോജക് ലക്ഷ്യം കൈവരിച്ചിട്ടില്ല.

1)പ്രോജക്ട്നം. s0101/16

അടങ്കൽ – 485000/-

ചെലവ് -476950/- (തനത് ഫണ്ട്)

2) പ്രോജക്ട്നം.s099/16

അടങ്കൽ /ചെലവ് – 393164 (വികസനഫണ്ട്)

ക്രമനമ്പർ 1 പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ 3-ാം വാർഡിൽ കരിശുപള്ളി വെൽഫെയർസെന്റർ റോഡരുകിൽ 91-ാം നമ്പർ അങ്കനവാടിക്ക് സമീപംപഞ്ചായത്തുവക സ്ഥലത്ത് വനിതാവ്യവസായയൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനായി

തനതുഫണ്ടിൽനിന്നും 476950/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയതിൽ പ്രസ്തുത കെട്ടിടത്തിൽ വനിതാ വ്യവസായയൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടു.വൈദ്യുത ബോർഡിന്റെ ഓഫീസാണ് നിലവിൽ ഈ കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കെ എസ് ഇ.ബി-യിൽ നിന്നും കെട്ടിടവാടക ഈടാക്കുന്നുമില്ല.ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടം കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചുനൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2014-15വർഷം നിർമ്മാണമാരംഭിച്ച വനിതാതൊഴിൽപരിശീലനകേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണം 2015-16വർഷം ക്രമ നമ്പർ 2 പ്രോജക്ട് പ്രകാരം വികസനഫണ്ടിൽനിന്നും 393164/-രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.പ്രാദേശിക പരിശോധനയിൽ ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള ഒരു മുറിയിൽ അപ്ഹോൾസ്റ്ററി വർക്കുകൾ നടത്തിവരുന്നതായുംആയത് വനിതകളല്ല നടത്തുന്നതെന്നും ബോധ്യപ്പെട്ടു. മറ്റൊരുമുറിയിൽ കാന്റീൻ പ്രവർത്തിക്കുന്നതായും കണ്ടു. ഇവിടെ കുടുംബശ്രീയുടെ ബോർഡ് സ്ഥാപിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഒരുമുറി കുടുംബശ്രീ ചെയർപേഴ്സണിന്റെ പേരിലുള്ളതാണെന്നും കുടുംബശ്രീ മുഖേനയാണ് ഇവിടെ അപ്ഹോൾസ്റ്ററിവർക്ക്നടത്തുന്നതെന്നും മറുപടി ലഭ്യമാക്കുകയുണ്ടാ യി. കാന്റീൻ നടത്തുന്ന മുറി കമ്മിറ്റി തീരുമാനപ്രകാരം വാടകയ്ക്ക് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു.

വനിതാഘടകപദ്ധതിയ്ക്കായി നിശ്ചിത ശതമാനം വകയിരുത്തണമെന്ന പദ്ധതിമാർഗ്ഗരേഖാനിബന്ധനയുടെ അടിസ്ഥാനത്തിൽ വനിതാഘടകപദ്ധതിയിൽപ്പെടുത്തി നിശ്ചിത ലക്ഷ്യങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്ടുകൾ കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ മറ്റ് കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ ഉപയോഗിക്കാതെ വെറുതെ കിടക്കുന്ന സാഹചര്യമുണ്ടാവുകയോ ചെയ്യുന്നത് മാർഗ്ഗരേഖാലംഘനമാണ്. നിശ്ചിത ലക്ഷ്യങ്ങൾ മുൻനിർത്തി പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ പരമാവധി അതേ ലക്ഷ്യങ്ങൾക്കുവേണ്ടിത്തന്നെ ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതാണ്.

## 3-3 റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ- ബിറ്റുമിന് മാർക്കറ്റ് റേറ്റിൽ അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അധികതുക നൽകി

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ മരാമത്ത് പ്രവർത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. തൻവർഷം 33 റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്തിട്ടുണ്ട്. 2014-ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള അനുവദനീയമായ വർദ്ധനവ് ചേർത്തുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾക്ക് ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്കും ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന വേലകൾക്ക് നൽകാവുന്ന നിരക്കും ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയ നിരക്ക് | | ഗുണഭോക്തൃ സമിതി നിർവ്വഹിച്ച വേലകൾക്ക് നൽകാവുന്ന നിരക്ക് |
|---|---|---|
| ബിറ്റുമിൻ വില്ല | 41000/T | 32000/T |
| കൺവേയൻസ് | 106/T | 106/T |
| ആകെ | 41106 | 32106 |
| വാട്ടർ ചാർജ്ജ് (1%) | 411 | 321 |
| ആകെ | 41517 | 32427 |
| കോസ്റ്റ് ഇൻഡക്സ് | 1.4095 | ഇല്ല |
| 1 കി.ഗ്രാമിന് അനുവദിക്കാവുന്ന നിരക്ക് | 58.50 | 32.427 |

ഗുണഭോക്തൃസമിതി ഹാജരാക്കിയ ബിൽ പ്രകാരം 1Kg ബിറ്റുമിന്റെ വില (ബാരൽ വില ഉൾപ്പടെ) ശരാശരി 32.46രൂപയാണ്. എന്നാൽ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതും ബിൽ തുക നൽകിയതും ബിറ്റുമിന് വില കി.ഗ്രാമിന് 41/- രൂപ (41000/tonne) നിരക്കിലാണ്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത്. 17.2.16ലെ co-ordination committe ബിറ്റുമിന്റെ വില മാർക്കറ്റ് റേറ്റിൽ പരിമിതപ്പെടുത്തി നൽകണമെന്ന് വ്യക്തമാക്കുന്നു. ഇതു പരിഗണിക്കാതെ ബിറ്റുമിന് അധികം തുക ചെലവഴിച്ചിട്ടുള്ളതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | ഉപയോഗിച്ച ടാർ | എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | നൽകാവുന്നത് |
|---|---|---|---|

| | | | |
|---|---|---|---|
| | | | (ഇൻവോയ്സ് പ്രകാരം) |
| 46/16 കല്ലിടാന്തി റോഡ് ടാറിംങ്ങ് | 722.76 | 42295.915 | 23460 (ഇൻവോയ്സ് നമ്പർ 6300043550/23-9-2015) |
| 42/16 ചാത്തക്കുളം ശാസ്താവ് റോഡ് ടാറിംങ്ങ് | 719.67 | 38682.26 | 23360 (ഇൻവോയ്സ് നമ്പർ 6300043550/23-9-2015)) |
| 33/16ചാമക്കാലകോളനി റോഡ് മെയിന്റനൻസ് | 2007 | 107876.25 | 65147.22 (ഇൻവോയ്സ് നമ്പർ 63000524190/14-01-2016) |

ഇപ്രകാരം അധികം തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനിയറുടെ ഉത്തരവ് ലഭിച്ചത് 29.03.16 മാത്രമാണെന്നും ടാറിംഗ് പ്രവർത്തികളുടെ ചിലവുകൾ കണക്കിലെടുക്കുമ്പോൾ പണിക്കൂലി, കയറ്റിറക്കുകൂലി, ടാറിംഗിന് ആവശ്യമായ മെഷീനറികളുടെ വാടക മുതലായവയുടെ ആകെ ചിലവുകൾ പ്രവൃത്തിയുടെ ബിൽതുകയേക്കാൾ അധികരിച്ചാണ് കാണുന്നത് എന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. ടാറിന്റെ വില വ്യത്യാസംമൂലം അധിക ചെലവ് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 മരാമത്ത് വേലകളുടെ പേമെന്റ്ബിൽ തയ്യാറാക്കിയതിൽ അപാകത-പഞ്ചായത്ത് ഫണ്ടിൽനിന്നും അധികച്ചെലവ്

2015-16 വർഷം ഗുണഭോക്തൃസമിതികൾമുഖേന നടപ്പാക്കിയ മരാമത്ത് വേലകളുടെ പേമെന്റ്ബിൽ തയ്യാറാക്കിയപ്പോൾ ആകെ വേലമൂല്യത്തോടൊപ്പം വാറ്റ്, ആദായനികുതി, തൊഴിലാളിക്ഷേമനിധിവിഹിതം എന്നിവകൂടി ഉൾപ്പെടുത്തിയാണ് വേലയുടെ ആകെ മൂല്യം നിർണ്ണയിച്ചിരിക്കുന്നത്. കൺവീനർ വർക്കുകൾക്ക് വാറ്റ്, KCWWF എന്നിവ പഞ്ചായത്ത് ഫണ്ടിൽനിന്നും വകയിരുത്തുകയും ആദായനികുതി കൺവീനർക്കുള്ള തുകയിൽ നിന്നും കിഴിവുചെയ്യുകയുമാണ് വേണ്ടത്. ആദായനികുതികൂടി പ്രത്യേമായി ഉൾപ്പെടുത്തി ആകെച്ചെലവ് നിർണ്ണയിച്ചതുകാരണം അധികച്ചെലവുണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | കൺവീനർ | നിർണ്ണയിക്കേണ്ട ആകെച്ചെലവ് | നിർണ്ണയിച്ച ചെലവ് | വ്യത്യാസം |
|---|---|---|---|---|
| so99/15-16<br>വനിതാതൊഴിൽ പരിശീലനകേന്ദ്രം | വി.എം.അനിൽകുമാർ | (വാറ്റ് 5%+WWF 1% ഉൾപ്പെടെ )<br>385883/-<br>(വേലമൂല്യം-364041<br>വാറ്റ് (5%) -18202<br>CWWF 1%-3640) | 393164 | 7281 |
| So112/16 പാറേപ്പള്ളി സാംസ്കാരിക നിലയം മെയിന്റനൻസ് | ജയാസുരേഷ്, വല്യേത്തുതാഴെ | 188289/-<br>(വേലമൂല്യം-177631<br>വാറ്റ് – 8882<br>CWWF – 1776<br>188289 ) | 191842 | 3553 |
| So 73/16<br>91-ാം നമ്പർ അങ്കനവാടി മെയിന്റനൻസ് | എം.സി.ജയകുമാരി, അത്തിമറ്റത്തിൽ | 299634<br>(വേലമൂല്യം-282673<br>വാറ്റ് (5%) – 14134<br>CWWF 1% – 2827<br>299634 ) | 300000 | 366 |
| so71/16<br>ആയുർവേദാശുപത്രി മെയിന്റനൻസ് | പി.റ്റി.ഫിലിപ്പ്, മാതളശ്ശേരിൽ | 298025 | 300000 | 1975 |
| so70/16<br>കൃഷിഭവൻ മെയിന്റനൻസ് | ഗോപി.എം.റ്റി., മങ്ങാട്ടുകുഴിയിൽ | 252742 | 257511 | 4769 |

മേൽ അപാകതയ്ക്കുള്ള വിശദീകരണക്കുറിപ്പിൽ (3-11-16ലെ ഓഡിറ്റ് എൻക്വയറി നം. 18-ന് ലഭ്യമാക്കിയ മറുപടി) 2015-16 മുതലാണ് ഗുണഭോക്തൃസമിതി വേലകളിൽ നിന്നും ആദായനികുതി ഈടാക്കുന്നതെന്നും ആയത് വാറ്റ്, ക്ഷേമനിധിവിഹിതം എന്നിവ വകയിരുത്തിയിരുന്ന രീതിയിൽ തന്നെയാണ് കണക്കാക്കിയിട്ടുള്ളതെന്നും വിശദീകരിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. കൺവീനർ വർക്കുകൾക്ക് ആദായനികുതി അടവാക്കുന്നപക്ഷം ആയത് കൺവീനർക്കുള്ള തുകയിൽ നിന്നുമാണ് ഈടാക്കേണ്ടത്. ആയതിനാൽ മേൽ വേലകൾക്ക് ആദായനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ട്/വികസനഫണ്ടിൽ നിന്നും അധിക ചെലവ് വന്ന 17,944/- രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലോ നിശ്ചിത ശീർഷകത്തിൽ സർക്കാർ

ഫണ്ടിലേക്കോ അടവാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകൾ -പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

നീണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം അനുപൂരക പോഷകാഹാര പ്രോജക്ട് നടപ്പാക്കുന്നതിനായി 1349662 രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പ്രധാന ഭക്ഷ്യധാന്യ സ്റ്റോക്ക് രജിസ്റ്ററിലെ (ടി.എച്ച്.ആർ.എസ്. സ്റ്റോക്ക് ഉൾപ്പെടെ) വിവരങ്ങൾ അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തു പോകുന്നുണ്ട്. എന്നാൽ മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ ഭക്ഷ്യധാന്യങ്ങളുടെ ബില്ലിലെ വിവരങ്ങളും, ടി.എച്ച്.ആർ.എസ്. മിശ്രിതം വാങ്ങിയ ബില്ലിലെ വിവരങ്ങളും പ്രധാന സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങളുമായി ഒത്തുപോകുന്നില്ല. കൂടാതെ കയറ്റിറക്കുകൂലിയിനത്തിൽ രണ്ട് സാമ്പത്തിക വർഷങ്ങളിലും കൂടി 20000രൂപയോളം ചെലവ് വന്നിട്ടുണ്ട്. എന്നാൽ കയറ്റിറക്കിന് ക്വട്ടേഷൻ അംഗീകരിച്ച വ്യക്തി ലഭ്യമാക്കിയിരുന്ന വൗച്ചറും, രസീതുകളും അപൂർണ്ണമാണ്. അംഗൻവാടി പോഷകാഹാര പരിപാടി നടത്തിപ്പ് സംബന്ധിച്ച് ശരിയായ മോണിട്ടറിംഗ് നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. വികസനഫണ്ടിൽ നിന്നും വർഷം പ്രതി 14 ലക്ഷത്തിലധികം രൂപ ചെലവഴിക്കപ്പെടുന്ന ഈ പ്രോജക്ട് നടത്തിപ്പിൽ മോണിട്ടറിംഗ് ആവശ്യമാണ്.

കൂടാതെ അങ്കണവാടികൾക്ക് പാൽപൊടി വാങ്ങിയതിന് 168470 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ അനുപൂരക പോഷകാഹാരമിനത്തിൽ പാൽ വാങ്ങിയതായാണ് സൂചിപ്പിച്ചിട്ടുള്ളത്. അങ്കണവാടികൾക്ക് വിതരണം ചെയ്ത പാൽപൊടിവളരെ വേഗം കേടാകുന്ന സാഹചര്യത്തിലാണ് സൂക്ഷിച്ചിരിയ്ക്കുന്നതെന്ന് ഭൗതികപരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. പ്രസ്തുത രീതിയിൽ പാൽപൊടി സൂക്ഷിച്ചിരിയ്ക്കുന്നതും കുട്ടികൾക്ക് നൽകുന്നതും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കും.പാൽ സുലഭമായി ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാഹചര്യത്തിൽ ടി സാധ്യത പരിഗണിക്കാതെ പാൽപൊടി നൽകാനിടയായ സാഹചര്യം വ്യക്തമല്ല.പഞ്ചായത്ത് ഭരണസമിതിയുടെയും സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെയും സി.ഡി.പി.ഒയുടെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിച്ചു കൊള്ളുന്നു.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2015-16 വർഷം വിവിധ പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി മറ്റ് നിർവ്വഹണ ഏജൻസികൾക്ക്/സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയുടെ ചെലവ് വിശദാംശങ്ങളും പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങൾ/ ഏജൻസികളിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഏജൻസി/സ്ഥാപനം | കൈമാറിയ തുക | ബിൽ/വൗച്ചർ നം. |
|---|---|---|---|
| എ.ബി.സി. പ്രോഗ്രാം | ജില്ലാ പഞ്ചായത്ത്, കോട്ടയം | 200000 | 21500590/1-2016 |
| കുടിവെള്ള പൈപ്പ് ലൈൻ | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, കടുത്തുരുത്തി | 200000 | 21500835/3-2016 |
| ഐ.എ.വൈ. ഭവനപദ്ധതി-ജനറൽ വിഭാഗം | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 453766 | 21500906/3-2016 |
| ഐ.എ.വൈ. ഭവനപദ്ധതി-പട്ടികജാതി വിഭാഗം | " | 887583 | 21500901/3-2016 |
| ഐ.എ.വൈ. അധികവിഹിതം അടവാക്കൽ | " | 700000 | 21500436/18.11.15 |

വിനിയോഗ വിശദാംശങ്ങളുടെ അഭാവത്തിൽ 24,41,349/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകകളുടെ വിനിയോഗ വിശദാംശങ്ങളും പ്രോജക്ടിന്റെ പൂർത്തീകരണ വിവരങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ആശ്രയ പ്രോജക്ട് -ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആശ്രയ പ്രോജക്ട് ഗുണഭോക്താക്കൾക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങളൊരുക്കുന്നതിൽ ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. 28 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി 2009-10 ൽ ആരംഭിച്ച് 2012-13ൽ അവസാനിച്ച പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ മാത്രമാണ് തൻവർഷവും നടന്നിട്ടുള്ളത്. കുടുംബശ്രീ മിഷനിൽ നിന്നും 697740 രൂപ ചലഞ്ച് ഫണ്ടായും വികസനഫണ്ടിനത്തിൽ 600000 രൂപയും ലഭിച്ചു. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ആശ്രയറേഷൻ വിതരണം, പോഷകാഹാരകിറ്റ് വിതരണം എന്നിവയാണ് പ്രധാനമായും നടത്തിയിട്ടുള്ളത്. എസ്.ബി.റ്റി നീണ്ടൂർ ശാഖയിലുള്ള ആശ്രയപദ്ധതി അക്കൗണ്ട് (A/C NO.67155147484) പാസ്സ് ബുക്ക്, പദ്ധതിയുടെ കാഷ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 31-3-16 -ൽ 750206 രൂപ നീക്കിയിരിപ്പുണ്ട്. ടി തുകയിൽ 207500രൂപ പദ്ധതിവിഹിതമിനത്തിൽ ലഭിച്ച തുകയും ഉൾപ്പെടുന്നു ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന പദ്ധതി തുക 207500 പിൻവലിച്ച് സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടികളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഒന്നാം ഘട്ട പദ്ധതി ഗുണഭോക്താക്കൾക്കായി ടി പദ്ധതി വിഹിതം തുക ഉപയോഗിക്കാനാവാത്ത സാഹചര്യത്തിൽ 207500രൂപ സർക്കാരിലേയ്ക്ക് തിരികെ അടവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2009-10 ആരംഭിച്ച ഒന്നാം ഘട്ടപദ്ധതിയിൽ

1ഗുണഭോക്താവിന് വീട് വയ്ക്കാൻ സ്ഥലത്തിനും 2 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനും 18 പേർ വീട് മെയിന്റനൻസിനും 7പേർ കക്കൂസ് നിർമ്മാണത്തിനും അപേക്ഷനൽകിയിരുന്നു. വീട് മെയിന്റനൻസിന് അപേക്ഷിച്ച 18 പേരിൽ ഒരാൾക്കൊഴികെ സഹായം നൽകി.

2014-17 കാലയളവിലേയ്ക്കായി തയ്യാറാക്കി അംഗീകാരം നേടിയ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. 56 കുടുബങ്ങളിലെ 138 ഗുണഭോക്താക്കൾക്കായി 3375270 രൂപ അടങ്കൽ ഉള്ള പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ടി പദ്ധതിയ്ക്കായി ചലഞ്ച്ഫണ്ട് 411403 രൂപ 15-12-2015 ൽ ലഭ്യമായിട്ടുണ്ട്. വികസനഫണ്ടിനത്തിൽ തുകയൊന്നും ലഭിച്ചില്ല. വീട് നിർമ്മാണത്തിന് 25000 രൂപ വികസനഫണ്ട് വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല. 1 ഗുണഭോക്താവ് വീട് വയ്ക്കാൻ സ്ഥലത്തിനും 6 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനും 17 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനും 12 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനും അർഹതയുണ്ടെങ്കിലും നാളിതുവരെ ഒരാനുകൂല്യവും നൽകിയിട്ടില്ല. 31.3.16 ൽ അക്കൗണ്ടിൽ 347376 രൂപ ബാലൻസുണ്ട്(അക്കൗണ്ട് നമ്പർ 67340142906 എസ്.ബി.റ്റി.നീണ്ടൂർ). പ്രത്യേക പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടും പരിമിതമായ വികസനഫണ്ട് വിഹിതം നൽകുന്നതും വികസനഫണ്ട് വിഹിതം നൽകാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.അവശതയനുഭവിക്കുന്നതും ആലംബഹീനരുമായ ജനതയ്ക്ക് അടിസ്ഥാന ജീവിത സൗകര്യമൊരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | എട്ടാം വാർഡ് പൈപ്പ് ലൈൻ നീട്ടൽ | 7540 90, dt.28.03.16 755614, 3.05.16 | 200000 | 2000000 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-5 | 2009-10 | 2-8 | KSEB നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | |
| 2006-07 | | 2009-10 | 2-9 | മുൻകൂർ നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28533570 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37596014 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,41,349 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2441349 | ശ്രീമതി കെ.എൻ.ഗിരിജമ്മ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ എഫ് കെ പി 10/1261(1)/14/29-11-14. | |
| 1999-2000 | എൽ എഫ് കെ പി 10/1261(2)/14/29-11-14. | |
| 2000-01 | എൽ എഫ് കെ പി 10/202/16/23-03-16. | |
| 2001-02(ചെലവ്) | എൽ എഫ് കെ പി 10/1261(4)/14/29-11-14 | |
| 2002-03(ചെലവ്) | എൽ എഫ് കെ പി 4/688/05/05.05.2007 | |
| 2002-03(വരവ്) | എൽ എഫ് കെ പി 4/891/07/22-03-08 | |
| 2003-04(ചെലവ്) | എൽ എഫ് കെ പി 4/1429/08/06.07.09/5.10.09 | |
| 2003-04(വരവ്) | എൽ എഫ് കെ പി 4/892/07/4.3.08/1.4.08 | |
| 2004-05 (ചെലവ്) | കെഎസ്എ-കെടിഎം.പി.10-140/16/16.04.16 | |
| 2005-06 | എൽ എഫ് കെ പി 4/894/07/12.04.10/07.05.10 | |
| 2006-07 | എൽ എഫ് കെ പി 4/1369/09/09.07.2012 | |
| 2007-08 | എൽ എഫ് കെ പി 10/963/13/11.10.2013 | |
| 2008-09 | എൽ എഫ് കെ പി 10/963/13/22.10.2013 | |
| 2009-10 | എൽ എഫ് കെ പി 10/406/15/23.11.2015 | |

| | | |
|---|---|---|
| 2010-11 | എൽ എഫ് കെ പി 10/25/12/11.01.13 | |
| 2011-12 | എൽ എഫ് കെ പി 10/510/13/05.10.2013 | |
| 2012-13 | എൽ എഫ് കെ പി 10/1240/14/01.11.2014 | |
| 2013-14 | എൽ എഫ് കെ പി 10/577/15/16.11.15 | |
| 2014-15 | കെഎസ്എ-കെടിഎം.പി.10-1045/16/27.07.16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.ടി.എം പി.10-1875/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:21.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം